# അക്കാദമിക
# മാസ്റ്റർ പ്ലാൻ
# 2025-26

എ.എൽ.പി.എസ്.
കവുക്കാനപ്പെട്ടി

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 – 2026

**വിദ്യാലയ വിവരങ്ങൾ**

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : എ.എൽ.പി.എസ്. കവുക്കാനപ്പെട്ടി |
| പോസ്റ്റോഫീസ് | : വടക്കേക്കാട് |
| ഫോൺ നമ്പർ | : 8330054187 |
| ഇ - മെയിൽ | : alpskavukkanapetty@gmail.com |
| ഗവൺമെന്റ് / എയ്ഡഡ് | : എയ്ഡഡ് |
| സ്ഥാപിച്ച വർഷം | : വടക്കേകാട് |
| വാർഡ് | : 4 |
| ക്ലാസുകൾ | : പി.ടി.എ. + അധ്യാപകർ നടത്തുന്ന പ്രീ പ്രൈമറിയും 1- 4 വരെയുള്ള ക്ലാസുകളും |
| സ്ഥല വിസ്തൃതി | : 1ഏക്കർ 18 സെന്റ് |
| വിദ്യാഭ്യാസ ഉപജില്ല | : ചാവക്കാട് |
| വിദ്യാഭ്യാസ ജില്ല | : ചാവക്കാട് |
| റവന്യൂ ജില്ല | : തൃശൂർ |
| നിയോജകമണ്ഡലം | : ഗുരുവായൂർ |
| പാർലമെന്റ് മണ്ഡലം | : തൃശൂർ |
| വില്ലേജ് | : വടക്കേകാട് |
| മാനേജർ | : ശ്രീമതി. ഇന്ദിരമാധവൻ നായർ |
| ഹെഡ്മാസ്റ്റർ | : ജീജോ സി. ആർ. |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025 – 26

# എ. എൽ. പി. എസ്. കവുക്കാനപ്പെട്ടി

**ഉള്ളടക്കം**


* ആമുഖം
* ചരിത്രം
* അക്കാദമിക് കൗൺസിൽ അംഗങ്ങൾ
* അവസ്ഥാ വിശകലനം
  - കുട്ടികളുടെ എണ്ണം
  - അധ്യാപകരെ സംബന്ധിച്ച വിവരങ്ങൾ

* സാമൂഹിക പങ്കാളിത്തം

* മോണിറ്ററിംഗ്

* അക്കാദമിക് മാസ്റ്റർ പ്ലാൻ
  - മലയാളം
  - ശാസ്ത്രം
  - ഗണിതം
  - ഇംഗ്ലീഷ്

കലാകായിക ആരോഗ്യ വിദ്യാഭ്യാസം

കാഴ്ചപ്പാട് – സമഗ്ര ഗുണമേൻമ വിദ്യാഭായസം

നല്ല വായന നല്ല എഴുത്ത്

# ആമുഖം

വടക്കേകാട് ഗ്രമാമപഞ്ചായത്തിലെ നാലാം വാർഡിലാണ് എ.എൽ.പി. സ്കൂൾ കവുക്കാനപ്പെട്ടി എന്ന ഞങ്ങളുടെ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. കർഷക തൊഴിലാളികൾ തിങ്ങി പ്പാർക്കുന്ന ഒരു ഗ്രാമപ്രദേശമാണിത്. പ്രദേശവാസികളുടെ ശ്രമ ഫലമായി 1925ൽ അഞ്ചാം തരം വരെ പഠന സൗകര്യമുള്ള ഒരു വിദ്യാലയം ആരംഭിച്ചു. 1961ൽ ചില സാങ്കേതിക കാരണങ്ങളാൽ അഞ്ചാം ക്ലാസ് നിർത്തിലാക്കി ഇപ്പോൾ കുട്ടികൾക്ക് സ്കൂളിലേ ക്ക് വരുവാൻ ആവശ്യമായ വാഹന സൗകര്യം അധ്യാപകർ ഒരു ക്കുന്നുണ്ട്. അധ്യാപകരുടെയും പി.ടി.എ. യുടെയും സഹകര ണത്തോടെ എല്ലാ ക്ലാസുകളിലും പുതിയ ഡെസ്ക്, ബെഞ്ച് എന്നിവ ഒരുക്കിയിട്ടുണ്ട്.

സ്കൂളിലെ ഭൗതിക സാഹചര്യങ്ങൾ ഇനിയും മെച്ചപ്പെടുത്തേ ണ്ടതുണ്ട്. ഭൗതിക സാഹചര്യവും അക്കാദിമ നിലവാരവും ഉയർ ത്തുന്നതിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടതുണ്ട്. SRG, SSG, PTA, MPTA, OSA എന്നിവയുടെ സഹകരണ ത്താൽ ന് കൂടിയ യോഗത്തിൽ ചർച്ച നടത്തിയതിന്റെ വിശദാംശ ങ്ങളും രൂപപ്പെടുത്തിയ രേഖയും സമർപ്പിക്കുന്നു.

## അക്കാദമിക് കൗൺസിൽ അംഗങ്ങൾ

ശ്രീമതി ശോഭ അനീഷ് (വാർഡ് മെമ്പർ) ഇന്ദിര മധവൻ നായർ (മാനേജർ), ശ്രീമതി അനിത. ടി. (പി.ടി.എ. പ്രസിഡന്റ്), ശ്രീമതി. ഷഹന ( MPTA പ്രസിഡന്റ്), ശ്രീ. ജീജോ സി. ആർ. (HM), ശ്രീമതി. നമിത ഐ., ചെറുവത്തൂർ (സ്റ്റാഫ് സെക്രട്ടറി), ശ്രീമതി വൽസ ടി. ജെ. (എസ്. ആർ. ജി കൺവീനർ), ശ്രീ. പി. വി. ബാലചന്ദ്രൻ മാസ്റ്റർ, ശ്രീ. ബിജു പി. കെ. (പൂർവ്വ വിദ്യാർത്ഥി, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ)

## അവസ്ഥാ വിശകലനം

**പഠനം നിർത്തിപോകുന്നതുകൊഴിഞ്ഞു പോകുന്നതുമായ പ്രവണത ഈ വിദ്യാലയത്തിൽ ഇല്ല.**

| STD | എല്ലാ ജാതിയിലും പെട്ട കുട്ടികൾ | | | പട്ടികജാതി | | | പട്ടിക വർഗം | | |
|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | 5 | 8 | 13 | 1 | 2 | - | - | - | 3 |
| 2 | 9 | 8 | 17 | 2 | 2 | - | - | - | 4 |
| 3 | 8 | 5 | 13 | - | - | - | - | - | - |
| 4 | 12 | 7 | 19 | 3 | 2 | - | - | - | 5 |
| Total | 34 | 28 | 62 | 6 | 6 | - | - | - | 12 |

## അധ്യാപകരെ സംബന്ധിച്ച വിവരങ്ങൾ

| ക്രമനമ്പർ | ടീച്ചറുടെ പേര് | ആൺ പെൺ | തസ്തിക | യോഗ്യത |
|---|---|---|---|---|
| 1 | ജീജോ സി ആർ | ആൺ | H M | BED |
| 2 | നമിത ഐ ചെറുവത്തൂർ | പെൺ | LPSA | TTC |
| 3 | വത്സ റ്റി ജെ | പെൺ | LPSA | TTC |
| 4 | ബിജോയ് പി മാത്യു | ആൺ | LPSA | TTC |
| 5 | ഷഹന പി | പെൺ | Arabic | Afsal Ul Ulma |
| 6 | ഹബീബ | പെൺ | Pre Primary | PPTTC |

അനുവദിക്കപ്പെട്ട തസ്തിക

| | |
|---|---|
| ഹെഡ്മാസ്റ്റർ | 1 |
| എൽ പി എസ് എ | 3 |
| അറബിക് | 1 |

**ആകെയുള്ള അധ്യാപകർ 5**

**കലാകായിക പ്രവർത്തി പരിചയം**

പരിശീലനം ലഭിച്ച അധ്യാപകരില്ല അധ്യാപകരിൽ ചിലർ ചെറിയ രീതിയിലുള്ള പരിശീലനം രക്ഷിതാക്കളുടെ സഹായത്തോടെ നൽകുന്നു

# ക്ലാസ്സ് ഒന്ന് രണ്ട് മലയാളം

| നിലവിലെ അവസ്ഥ | പ്രവർത്തനങ്ങൾ | കാലയളവ് | പ്രതീക്ഷിത നേട്ടം | ചുമതല |
|---|---|---|---|---|
| മിക്കവാറും കുട്ടികൾക്കും അക്ഷരങ്ങളുടെ ആലേഖന ക്രമം അറിയില്ല ചിഹനങ്ങൾ ശരിയായി ഉപയോഗിക്കുന്നില്ല ചെറിയ വാക്യങ്ങൾ തയ്യാറാക്കാൻ സാധിക്കുന്നില്ല വായനയിലും പിന്നോക്കമാണ് | കുട്ടികളുടെ നിലവാരം അറിയാൻ പ്രീ ടെസ്റ്റ് നടത്തുന്നു സചിത്ര നോട്ടുപുസ്തകം തയ്യാറാക്കുന്നു ഐസിടി സാധ്യതകൾ ഉപയോഗപ്പെടുത്തുന്നു. ഇതിലൂടെ അക്ഷരങ്ങൾ തിരിച്ചറിയാനും ശരിയായ ആ ലേഖനക്രമം അറിയാനും സാധിക്കുന്നു ചാർട്ട് തയ്യാറാക്കൽ പത്രങ്ങളിൽ നിന്ന് അക്ഷരങ്ങൾ തിരിച്ചറിയാൻ വലിയ തലക്കെട്ടുകൾ വായിക്കൽ കടങ്കഥ സംഘടിപ്പിക്കുക | ജൂൺ ആദ്യ ആഴ്ച<br>ജൂൺ- മാർച്ച്<br>ആഴ്ചയിൽ ഒരു ദിവസം<br>മാസത്തിൽ ഒന്ന് | ചിത്രങ്ങൾ ഉപയോഗിച്ചുള്ള പഠനം സചിത്ര നോട്ടുബുക്ക് വേണം ഒന്ന് രണ്ട് ക്ലാസുകളിലെ നിലവാരം അനുസരിച്ച് എഴുതാനും വായിക്കാനും സാധിക്കുക പരിചിത ആശയങ്ങൾ സന്ദർഭങ്ങൾ എന്നിവയെ കുറിച്ച് വിവരണം തയ്യാറാക്കൽ പിന്തുണ പുസ്തകം ബാലസാഹിത്യകൃതികൾ സ്വയം വായിക്കുക ശില്പശാല രചനോത്സവം സംയുക്ത ഡയറി | ക്ലാസ് ടീച്ചർ<br>ക്ലാസ് ടീച്ചർ |

## ക്ലാസ്സ് മൂന്ന് നാല് മലയാളം

| നിലവിലെ അവസ്ഥ | പ്രവർത്തനങ്ങൾ | കാലയളവ് | പ്രതീക്ഷിത നേട്ടം | ചുമതല |
|---|---|---|---|---|
| വാക്കുകളുടെ കാരണം<br>വർണ്ണന തയ്യാറാക്കൽ<br>കവിതാലാപനം<br>കുറിപ്പെഴുതൽ വാക്യങ്ങൾ<br>ക്രമീകരിച്ച് ആശയം<br>അവതരിപ്പിക്കുക<br>ഭാഷാപ്രയോഗങ്ങൾ<br>സന്ദർഭത്തിനനുസരിച്ച്<br>പ്രയോഗിക്കൽ ഒഴുക്കോടെ<br>സംഭാഷണം നടത്തുക<br>എന്നിവ സാധിക്കുന്നില്ല | പാഠപുസ്തകത്തിലെ<br>കഥകളും കവിതകളും<br>കൂടാതെ കുട്ടികളുടെ<br>മനസ്സിൽ തങ്ങി<br>നിൽക്കുന്ന രീതിയിൽ<br>പാട്ടുകളും കുറിപ്പുകളും<br>കവിതാലാപന<br>വർണ്ണനകളും<br>ലഭ്യമാക്കുന്ന ലൈബ്രറി<br>സീഡികൾ എന്നിവയുടെ<br>ഉപയോഗം<br>അസംബ്ലിയിൽ<br>പത്രവായന ലൈബ്രറി<br>പുസ്തകങ്ങൾ<br>വിതരണം വർണ്ണന<br>ആസ്വാദനക്കുറിപ്പ്<br>തയ്യാറാക്കൽ മാഗസിൻ<br>നിർമ്മാണം | സെപ്റ്റംബർ മുതൽ ഫെബ്രുവരി വരെ<br><br>എല്ലാ ദിവസവും<br><br>രണ്ടാഴ്ച കൂടുമ്പോൾ<br><br>മാസത്തി ലൊന്ന് | ഭാഷാപ്രയോഗങ്ങളുടെ<br>അവസരോചിതമായ<br>പ്രയോഗം പരിചിതമായ<br>ആശയങ്ങളെയും<br>വസ്തുക്കളെയും പറ്റി<br>കുറിപ്പുകൾ<br>വിവരണങ്ങൾ എന്നിവ<br>തയ്യാറാക്കൽ കവിത<br>രചന കവിത പൂരണം<br>തെറ്റില്ലാതെ<br>സംഭാഷണങ്ങൾ<br>തയ്യാറാക്കൽ ശില്പശാല<br>ഉല്ലാസ ഗണിതം ചാർട്ട്<br>സാമഗ്രികൾ<br>ഉപയോഗിച്ചുള്ള പഠനം | ക്ലാസ് ടീച്ചർ<br><br>ക്ലാസ് ടീച്ചർ |

## ക്ലാസ് I,II ഗണിതം

| നിലവിലെ അവസ്ഥ | പ്രവർത്തനങ്ങൾ | കാലയളവ് | പ്രതീക്ഷിത നേട്ടം | ചുമതല |
|---|---|---|---|---|
| ഊഹിച്ച് പറയൽ<br>1-100 വരെയുള്ള സംഖ്യകളുടെ വ്യാഖ്യാനം രണ്ടക്ക സംഖ്യകളുടെ പുനക്രമീകരണമുള്ള ക്രിയകൾ ചെയ്യൽ, ശരിയായ സംഖ്യാബോധം എന്നിവയിൽ പോരായ്മകൾ | ക്ലാസിലെ ഗണിത മൂലയിൽ ഉണ്ടായിരിക്കേണ്ട വസ്തുക്കളുടെ ലിസ്റ്റ് തയ്യാറാക്കൽ<br>ഇതിൽ ഉൾപ്പെടുത്തേണ്ട രൂപങ്ങൾ, കളി സാമഗ്രികൾ പുസ്തകങ്ങൾ എന്നിവയുടെ ശേഖരണം.<br>മനക്കണക്കുകൾ ചെയ്യാൻ പരിശീലനം<br>പാറ്റേണുകൾ തയ്യാറാക്കൽ<br>ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിക്കാൻ അവസരം | ജൂൺ മുതൽ ഒക്ടോബർ വരെ<br>ആഴ്ചയിൽ ഒരു ദിവസം<br>ജൂൺ മുതൽ മാർച്ച് വരെ | ഉല്ലാസ ഗണിതം കിറ്റ് ഉപയോഗം, അക്കങ്ങളുടെ സ്ഥാനം, വില എന്നിവ മനസിലാക്കണം<br>ശരിയായ സഖ്യാബോധം ലഭിക്കണം.<br>കളികളിലൂടെ പഠം എളുപ്പത്തിൽ ക്രിയ ചെയ്യുന്നു.<br>ചാർട്ട് തയ്യാറാക്കൽ പ്രയോഗിക പ്രശ്നങ്ങൾ മനസിലാക്കി നിർദ്ധാരണം ചെയ്യുവാൻ പ്രാപ്തരാക്കുന്നു. | ക്ലാസ് ടീച്ചർ<br>പി.ടി.എ.<br>എസ്.ആർ.ജി. കൺവീനർ<br>എച്ച്. എം. |

| നിലവിലെ അവസ്ഥ | പ്രവർത്തനങ്ങൾ | കാലയളവ് | പ്രതീക്ഷിത നേട്ടം | ചുമതല |
|---|---|---|---|---|
| വലിയ സംഖ്യകളുടെ സ്ഥാന വില അറിയുന്നില്ല (നാലക്കം, അഞ്ചക്കം)<br>പുനഃക്രമീകരണം വരുന്ന ക്രിയകൾ (സങ്കലനം, വ്യവകലനം, ഗുണനം, ഹരണം) എന്നിവ പ്രയാസം<br><br>ഗുണനപ്പട്ടിക, അറിയാത്തത് ഗുണനം, ഹരണം, എന്നിവ ചെയ്യാൻ പ്രയാസം<br><br>പ്രായോഗിക പ്രശ്നങ്ങൾ വായിച്ച് ക്രിയകൾ തിരിച്ചറിയാതിരിക്കുക.<br><br>മനക്കണക്ക് ചെയ്യാൻ സാധിക്കുന്നില്ല. | ഗണിത ലാബ് തയ്യാറാക്കുന്നു.<br>ഓരോ ക്ലാസിലും ഗണിത മൂല തയ്യാറാക്കുന്നു. ഇവ പ്രയോജനപ്പെടുത്തി സംഖ്യാബോധം ശരിയായി നൽകുന്നു.<br>പ്രയോഗിക പ്രശ്നങ്ങൾ ചെയ്യുന്നതോടൊപ്പം ക്രിയകൾ ചെയ്തു പഠിക്കാൻ കൂടുതൽ അവസരം നൽകുന്നു.<br>മനക്കണക്കുകൾ ചെയ്യാൻ പരിശീലനം നൽകുന്നു.<br>ഗണിത ക്വിസ് നടത്തുന്നു. | ജൂൺ മുതൽ ഒക്ടോബർ വരെ<br><br>ജൂൺ മുതൽ മാർച്ച് വരെ<br><br>ആഴ്ചയിൽ ഒരു ദിവസം<br><br>മാസത്തിൽ ഒന്ന് | നല്ല ഗണിതലാബ് തയ്യാറാക്കുക.<br><br>ഗണിതക്ലാസ് കുട്ടികൾക്ക് ഇഷ്ടപ്പെട്ടതാക്കുക.<br>ഐ.സി.റ്റി. ഉപയോഗത്തിലൂടെ വിരസത ഒഴിവാക്കാം.<br><br>ഉല്ലാസഗണിതം കളികളിലൂടെ പഠം.<br><br>ഗണിതത്തിന്റെ നിത്യ ജീവിതത്തിലെ ആവശ്യകത ബോധ്യപ്പെടുത്തുക. | ക്ലാസ് ടീച്ചർ<br><br>എസ്.ആർ.ജി. കൺവീനർ, എച്ച്. എം.<br><br>ഒ. എസ്. എ.<br><br>എസ്.എസ്.ജി. |

## ക്ലാസ്സ് I, II പരിസര പഠം

| നിലവിലെ അവസ്ഥ | പ്രവർത്തനങ്ങൾ | കാലയളവ് | പ്രതീക്ഷിത നേട്ടം | ചുമതല |
|---|---|---|---|---|
| ചുറ്റുപാടും കാണുന്ന ജീവികൾ, സസ്യങ്ങൾ എന്നിവ തിരിച്ചറിയുന്നില്ല<br>നിറം, മണം എന്നിവ ഏത് ചെടിയുടേതാണ് എന്ന് അറിയുന്നില്ല.<br>നാട്ടിലെ തൊഴിലുകൾ, പൊതു ഇടങ്ങൾ, സ്ഥാപനങ്ങൾ എന്നിവ കണ്ടിട്ടില്ല. അവയെക്കുറിച്ച് അറിയില്ല. | കഴിവതും കുട്ടികൾക്ക് നേരിട്ട് കണ്ട് മനസിലാക്കാൻ സാഹചര്യം ഒരുക്കുന്നു.<br>പഞ്ചേന്ദ്രിയങ്ങൾ ഉപയോഗിച്ച് വസ്തുക്കൾ, ജീവികൾ, സസ്യങ്ങൾ എന്നിവ മനസിലാക്കുന്നു. ജൈവ വൈവിധ്യ പാർക്ക് നിർമ്മാണത്തിൽ പങ്കാളിത്തം ഉറപ്പുവരുത്തുന്നു.<br>ചിത്രങ്ങൾ, ഐ.സി.റ്റി. എന്നിവയുടെ സഹായത്താൽ പൊതുഇടങ്ങൾ, പൊതു സ്ഥാപനങ്ങൾ എന്നിവ തിരിച്ചറിയുന്നു.<br>പതിപ്പുകൾ തയ്യാറാക്കുന്നു. | ജൂൺ മുതൽ ഒക്ടോബർ വരെ<br>ആഴ്ചയിൽ ഒരു ദിവസം<br>ജൂൺ മുതൽ മാർച്ച് വരെ | പഞ്ചേന്ദ്രിയങ്ങൾ ഉപയോഗിച്ച് ചുറ്റുമുള്ള സസ്യങ്ങൾ, ജീവികൾ എന്നിവ മനസിലാക്കുന്ന നാട്ടിലെ തൊഴിലുകൾ, പൊതു ഇടങ്ങൾ, പൊതു സ്ഥാപനങ്ങൾ എന്നിവ തിരിച്ചറിയുകയും അവയുടെ ഉപയോഗം മനസിലാക്കുകയു ചെയ്യുന്നു.<br>സചിത്രനോട്ട് പുസ്തകം തയ്യാറാക്കൽ | ക്ലാസ് ടീച്ചർ<br>ക്ലാസ് ടീച്ചർ |

| ക്ലാസ് 3,4 പരിസര പഠനം | | | | |
|---|---|---|---|---|
| **നിലവിലെ അവസ്ഥ** | **പ്രവർത്തനങ്ങൾ** | **കാലയളവ്** | **പ്രതീക്ഷിത നേട്ടം** | **ചുമതല** |
| ഗ്രാമപ്രദേശമായിരുന്നിട്ടും ചെടികൾ, മരങ്ങൾ എന്നിവ ഏതെന്ന് തിരിച്ചറിയുന്നില്ല. വിദ്യാലയത്തിന്റെ ഏറെ അകലെയല്ലാതെ ഒരു വലിയ പാടശേഖരമുണ്ട്. എന്നിട്ടും നെൽക്കൃഷിയെക്കുറിച്ച് അറിയുന്നില്ല. പൊതു സ്ഥാപനങ്ങൾ, ഇടങ്ങൾ ഏതെന്ന് അറിയില്ല.<br>ചെറുപരീക്ഷണങ്ങളിൽ ഏർപ്പെടാൻ അവസരമില്ല. | സ്കൂൾ അങ്കണത്തിലുള്ള മരങ്ങൾ, ചെടികൾ എന്നിവയുടെ പേരെഴുതി പ്രദർശിപ്പിക്കുക, അവയുടെ ഔഷധ ഗുണങ്ങൾ കിറിപ്പുകളായി പ്രദർശിപ്പിക്കുക.<br>ഔഷധത്തോട്ടം പരിപാലിക്കുന്നതിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നു.<br><br>സസ്യങ്ങളെ പട്ടികയാക്കൽ, തരം തിരിക്കൽ<br>പൊതു ഇടങ്ങൾ, സ്ഥാപനങ്ങൾ എന്നിവ സന്ദർശിക്കുക.<br>സ്കൂളിൽ ഗ്രാമസഭ കൂടുമ്പോൾ എന്തിനാണെന്ന് മനസിലാക്കിക്കൊടുക്കുന്നു.<br>ചെറു പരീക്ഷണങ്ങൾ തയ്യാറാക്കുന്നു. | ജൂൺ<br>ജൂലായ് മുതൽ<br>പാഠഭാഗ മനുസരിച്ച് | കൃഷികളോട് താത്പര്യം ഉണ്ടാകുന്നു. ചെറുപരീക്ഷണങ്ങളിൽ ഏർപ്പെടാൻ സാധിക്കുന്നു.<br>പ്രൊജക്ടുകൾ തയ്യാറാക്കാൻ സാധിക്കുന്നു.<br>ക്വിസ് നടത്തി സമ്മാനങ്ങൾ നൽകുന്നു. | എച്ച്.എം.എസ്.<br>ആർ.ജി. കൺവീനർ<br><br>ക്ലാസ് ടീച്ചർ<br>പി.ടി.എ. |

| Class I,II,III, IV - English | | | | |
|---|---|---|---|---|
| Present Situation | Activities | Duration | Expected Learning outcome | |
| Students are not able to read the text book they can't respond in english at least in english class. They can follow the sories rhymes etc.. but they cannot express in their own ways they can't write simple conversations or say the events of the story with correct order. std I and II students do not know the english alphabets | Pre Test English<br>assemble (Prayer, News, Self introduction, Pledge etc in English)<br><br>We Started to teach mothers to read English Text book of their Children all Teachers Try to use English intheir English classes. English Classes are also given to students. Preparing Magazine and games | June<br><br>July to March<br><br>Once in a Week<br><br>Once in a Year | Enable the Students to communicative in english. Rhymes Language acquition avoid stage fear. Conversation enable the children to read & Write in English Encourage the students to participating in role plays Picture card sentence slips are given | Class Teacher<br>HM |

| നിലവിലെ അവസ്ഥ | പ്രവർത്തനങ്ങൾ | കാലയളവ് | പ്രതീക്ഷിത നേട്ടം | ചുമതല |
|---|---|---|---|---|
| അധ്യാപകരുടെ സഹായ ത്താൽ പരിശീലനം<br><br>സ്കൂളുമായി ബന്ധപ്പെട്ട വാട് സ്ആപ് കൂട്ടായ്മ ഇംഗ്ലീഷ് പഠ നം<br><br>കുട്ടികളുടെ അവകാശങ്ങളും ചുമതലകളും ബോധവൽക്കര ണം അമ്മവായന | കമ്പ്യൂട്ടറിന് പ്രത്യേക പിരിഡ് നിശ്ചയിച്ച് കമ്പ്യൂട്ടർ പരിശീലി പ്പിക്കുന്നു. വിഷയങ്ങളുമായി ബന്ധപ്പെട്ടവ കമ്പ്യൂട്ടറിൽ കാ ണിച്ചു കൊടുക്കന്നു.<br><br>ലൈബ്രറി പുസ്തകങ്ങൾ കു ട്ടികൾക്ക് വിതരണം ചെയ്യുന്നു. അതിന്റെ ചുരുക്ക രൂപം എഴു തിക്കുന്നു. | ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച് | കൃഷികളോട് താത്പര്യം ഉ ണ്ടാകുന്നു. ചെറുപരീക്ഷണ ങ്ങളിൽ ഏർപ്പെടാൻ സാധി ക്കുന്നു.<br>പ്രൊജക്റ്റുകൾ തയ്യാറാക്കാൻ സാധിക്കുന്നു.<br>ക്വിസ് നടത്തി സമ്മാനങ്ങൾ നൽകുന്നു. | ക്ലാസ് ടീച്ചർ<br>എച്ച്. എം.<br><br>പി.ടി.എ.<br>എം.പി.ടി.എ.<br><br>ക്ലാസ് ടീച്ചർ<br>പി.ടി.എ,<br>എം.പിട.ിഎ. |

## പാഠ്യേതര വിഷയങ്ങൾ ക്ലാസ് 1,2,3,4

| നിലവിലെ അവസ്ഥ | പ്രവർത്തനങ്ങൾ | കാലയളവ് | പ്രതീക്ഷിത നേട്ടം | ചുമതല |
|---|---|---|---|---|
| ബാലസഭ, സ്കൂൾ വാർഷികാഘോഷം, കലോത്സവ മത്സരങ്ങൾ എന്നിവക്ക് മാത്രമായി അധ്യാപകർ പരിശീലനം നൽക്കുന്നു. | കലാപരമായ പ്രവർത്തനങ്ങൾ ഗ്രൂപ്പടിസ്ഥാനത്തിൽ പരിശീലിപ്പിക്കൽ | ജൂലൈ - ഡിസംബർ | കുട്ടികളിൽ കലാപരവും മറ്റുള്ള കഴിവും അറിവും വളർത്തിടെയുക്കുക. | ക്ലാസ് ടീച്ചേഴ്സ് |
| കാലാകായിക പഠനത്തിന് അധ്യാപകരില്ല. ഈ ആവശ്യങ്ങൾക്കായി എസ്. എസ്. എ., ഒ.എസ്. എ., പി.ടി.എ, ടീച്ചർ എന്നിവരെ ഉപയോഗപ്പെടുത്തുന്നു. | പേപ്പർ ക്രാഫ്റ്റ്, ചിത്രം വര വെജിറ്റബിൾ പ്രിന്റിംഗ്, തുണിയിൽ ചിത്രം വരക്കൽ, പാഴ് വസ്തുകൾ നിർമ്മിക്കൽ | ജൂലൈ - ഡിസംബർ | ക്രാഫ്റ്റ്, സ്പോർട്സ്, കലാപരിപാടികൾ എന്നിവയിൽ പങ്കെടുക്കുക. വർക്ക് എക്സ്പീരയൻസ് | ക്ലാസ് ടീച്ചേഴ്സ് |
| മിടുക്കരായ കുട്ടികളെ കണ്ടെത്തി ഉപജില്ലാ മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നു. | കായികക്ഷമതാ പ്രവർത്തനങ്ങളായ, കരാട്ടെ, ബാന്റ് വാദ്യം എന്നിവ പരിശീലിപ്പിക്കൽ, പി.ടി. സംഘടിപ്പിക്കൽ. | ആഗസ്റ്റ് - നവംബർ | ആരോഗ്യ, കായികക്ഷമത, മികച്ച സംഘാടനം, പങ്കാളിത്തം എന്നിവ ഉറപ്പ് വരുത്തുന്നു. | ക്ലാസ് ടീച്ചേഴ്സ് |
| ക്വിസ് മത്സര പരീക്ഷകൾ സംഘാടനം | മത്സരബുദ്ധി, അറിവ് എന്നിവയുടെ സമഗ്ര വികസനം | ജൂൺ - മാർച്ച് | ബുദ്ധിപരവും ചിന്താപരവുമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നു. | ക്ലാസ് ടീച്ചേഴ്സ് |

## നല്ല വായന നല്ല എഴുത്ത്

2025 - 26 അധ്യയന വർഷത്തിൽ കുട്ടികളുടെ പഠന മികവ് ഉയർത്തുക എന്ന ലക്ഷ്യത്തോടെ വായനയ്ക്കും ലേഖനത്തിനും പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പഠനതന്ത്രങ്ങളാണ് ആവിഷ്കരിക്കുന്നത്.

ലക്ഷ്യങ്ങൾ

ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ പറഞ്ഞും, എഴുതിയും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്-

ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നതിന്

ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു.

കുട്ടിയുടെ നിലവിലുള്ള അവസ്ഥ കഴിവുകൾ പരിമിതികൾ എന്നിവ കണ്ടെത്തി സി.പി.ടി.എ നടത്തി എല്ലാ മാസവും പിന്തുണ കുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരം ഉണ്ടാക്കുന്നു.

## പ്രവർത്തനങ്ങൾ

ക്ലാസ് ഒന്ന്

വായനോത്സവം

ചിത്രകാർഡുകൾ നൽകി കഥ, വിവരണം എന്നിവ അവതരിപ്പിക്കുന്നു

പദങ്ങളുടെ പുനരനുഭവസാധ്യതകൾ ഉൾപ്പെടുത്തിക്കൊണ്ട് വായനാ കാർഡുകൾ നൽകുന്നു.

വിവിധ പ്രമേയങ്ങളുമായി (ഉദാഹരണം വീട്, കുട, പൂവ് ) ബന്ധപ്പെട്ട് വായന കാർഡുകൾ അവതരിപ്പിക്കുന്നു.

രചനോത്സവം

ചിത്രകാർഡുകൾ നൽകിക്കൊണ്ട് പദങ്ങൾ എഴുതുന്നതിന്

പദ ചങ്ങല രൂപീകരിക്കുന്നു.

ലഘു വാക്യങ്ങൾ എഴുതുന്നതിന്

ഐസിടി സാധ്യത ഉറപ്പുവരുത്തുന്നു.

## ക്ലാസ് 2

ചിത്രകാർഡുകൾ നൽകിക്കൊണ്ട് പദങ്ങൾ വായിക്കുന്നതിന്

ചെറുകഥകൾ വായിക്കുന്നതിന്

ലഘു വിവരണങ്ങൾ വായിക്കുന്നതിനുള്ള അവസരം നൽകുന്നു.

വിവിധതരത്തിലുള്ള പതിപ്പ് തയ്യാറാക്കുന്നു.
(ആന,വലിയ ആന)

ലഘുരചനകൾ പ്രദർശിപ്പിക്കുന്നു

ലഘു വിവരണങ്ങൾ എഴുതുന്നതിനും പ്രദർശിപ്പിക്കുന്നതിനും

## ക്ലാസ് 3

കഥ, ലഘു വിവരണങ്ങൾ, കവിതകൾ എന്നിവ വായിക്കുന്നതിന്

ഈണം, ഭാവം, താളം എന്നിവ ഉൾക്കൊണ്ട് കവിതകൾ അവതരിപ്പിക്കുന്നു.

ലഘു വിവരണങ്ങൾ എഴുതുന്നു.

വരികൾ കൂട്ടിച്ചേർത്ത് കവിത പൂർത്തിയാക്കുന്നു.

ഐസിടി സാധ്യത ഉറപ്പാക്കി ചിത്രത്തെ ആസ്പദമാക്കി കഥ തയ്യാറാക്കുന്നതിന്

## ക്ലാസ് നാല്

നാലാം ക്ലാസിലെ എല്ലാ കുട്ടികളും ഭാഷാപരമായി മികവ് നേടുന്നതിനു വേണ്ടി പത്രവായന, പുസ്തക വായന എന്നിവ ഉറപ്പുവരുത്തുന്നു.

കഥ വായിച്ച് പ്രത്യേക വാചകങ്ങൾ കണ്ടെത്തുന്ന പ്രവർത്തനം - ഇതു വഴി വായനയ്ക്ക് പ്രോത്സാഹനം ആകുന്നു.

വിവരണം, സംഭാഷണം എന്നിവ എഴുതുന്നു.

ആസ്വാദനക്കുറിപ്പ് എഴുതുന്നു.

ജീവചരിത്ര കുറിപ്പ് തയ്യാറാക്കുന്നു.

വ്യത്യസ്ത പഠനതന്ത്രങ്ങളും, പഠന സാമഗ്രികളും പരിചയപ്പെടുത്തിക്കൊണ്ടും പ്രായോഗിക അനുഭവങ്ങളിലൂടെയും ആശയ വ്യക്തത വരുത്തി വായന, ലേഖനം എന്ന ലക്ഷ്യം കൈവരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 – 2026

## എ. എൽ. പി. എസ്. കവുക്കാനപ്പെട്ടി

### കാഴ്ച്ചപ്പാട്

കേരള സർക്കാരിന്റെ പൊതുവിദ്യാലയ സംരക്ഷണ യജ്ഞത്തിൽ പങ്കാളികളായിക്കൊണ്ട് സ്കൂളിന്റെ പുരോഗതിക്കായി കുട്ടികളെ ആകർഷിക്കാനുതുകുന്ന രീതിയിൽ വിദ്യാലയം മാറ്റിയെടുക്കണം അതിനായി വിവിധ പദ്ധതികൾ ആവിഷ്ക്കരിക്കണം ഭൗതിക സാഹചര്യങ്ങൾ മാറുന്നതിനോടൊപ്പം കുട്ടികളുടെ പാർക്ക്, ജൈവവൈവിധ്യപാർക്ക്  എന്നിവ നല്ല രീതിയിൽ സജ്ജീകരിക്കണം. സമൂഹവും വിദ്യാലയവും തമ്മിലുള്ള ബന്ധം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി വിവിധ പ്രവർത്തനങ്ങൾ കൂട്ടായി ഏറ്റെടുക്കണം.

സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി വായനാശീലം കുട്ടികളിൽ വളർത്തിയെടുക്കാനുതുകുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കണം. കുട്ടികളിൽ കാർഷികാവബോധം വളർത്താൻ കൃഷി വകുപ്പിന്റെ സഹായം തേടണം.

സമഗ്ര ഗുണമേൻമ വിദ്യാഭ്യാസ പരിശീലനത്തന്റെ ഭാഗമായി കുട്ടികളിൽ പഠനം പിന്തുണ നൽകി എല്ലാവരെയും ഒപ്പമെത്തിക്കാനുള്ള അനുകൂല സാഹചര്യം ഉണ്ടാക്കിയെടുക്കുക എന്ന ലക്ഷ്യം മുൻ നിർത്തിയുള്ള വിവിധ പ്രവർത്തനങ്ങൾക്ക് രൂപം നൽകുന്നു.